**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2131 — 06.02.2019 ൽ മറുപടിക്ക്

## വാടാനപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | 'കായകല്പം' അവാർഡ് ലഭിച്ച തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് എന്തെല്ലാം സൗകര്യങ്ങളും സഹായങ്ങളും പുതിയതായി നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 'കായകല്പം' സംസ്ഥാനതല ഒന്നാം സമ്മാനം ലഭിച്ച വാടാനപ്പള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിന് 6 ലക്ഷം രൂപ പാരിതോഷികം നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ തുക ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്നതാണ്. ഇതുകൂടാതെ എൻ.ക്യു.എ.എസ്., കെ.എ.എസ്.എച്ച്. എന്നിവയുടെ അക്രഡിറ്റേഷൻ ടി ആശുപത്രിയ്ക്ക് ലഭിക്കുന്നതിന് ദേശീയ ആരോഗ്യ മിഷൻ മുഖേന ശ്രമം നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ നിലവിൽ അംഗീകൃത തസ്തികകൾ ഏതെല്ലാമാണ്; | (ബി) | വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ആശുപത്രിയിലെ ഒഴിവുകൾ സംബന്ധിച്ച വിവരം അറിയിക്കാമോ; ഒഴിവുകളുണ്ടെങ്കിൽ അവ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ അടിയന്തരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I – 2. പബ്ലിക് ഹെൽത്ത് നേഴ്സ് സൂപ്പർവൈസർ - 1 എന്നിങ്ങനെ ആകെ 3 ഒഴിവുകൾ ഉണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ന്റെ ഒഴിവുകൾ സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ നിന്നുള്ള പ്രമോഷൻ തസ്തികയാണ് പബ്ലിക് ഹെൽത്ത് നേഴ്സിങ് സൂപ്പർവൈസർ. പ്രസ്തുത തസ്തികയിൽ ഒരു വിരമിക്കൽ ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമനം | തസ്തിക | സാങ്ഷൻഡ് പോസ്റ്റ് | ഒഴിവ് |
|---|---|---|---|
| 1. | സിവിൽ സർജൻ | 2 | - |
| 2. | അസിസ്റ്റന്റ് സർജൻ | 3 | - |
| 3. | ക്ലാർക്ക്/ സീനിയർ ക്ലാർക്ക് | 2 | - |
| 4. | ഓഫീസ് അറ്റന്റന്റ് | 1 | - |
| 5. | ഹെഡ് നേഴ്സ് | 1 | - |
| 6. | സ്റ്റാഫ് നേഴ്സ് | 3 | - |
| 7. | നഴ്സിംഗ് അസിസ്റ്റന്റ് | 2 | - |
| 8. | ആശുപത്രിഅറ്റന്റന്റ് | 2 | - |
| 9. | ഫാർമസിസ്റ്റ് | 1 | - |
| 10. | ലാബ് ടെക്നീഷ്യൻ | 1 | - |
| 11. | ഒപ്റ്റോമെട്രിസ്റ്റ് | 1 | - |
| 12. | ഡ്രൈവർ | 1 | - |
| 13. | ഹെൽത്ത് സൂപ്പർവൈസർ | 1 | |
| 14. | പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 | 1 |
| 15. | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 | 1 | |
| 16. | പബ്ലിക് ഹെൽത്ത് നഴ്സ്(എൽ.എച്ച്.ഐ) | 1 | |
| 17. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1&2 | 4 | 2 (ഗ്രേഡ്-2) |
| 18. | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-1&2 | 4 | |
| 19. | പാർട്ട് ടൈം ക്ലീനർ | 1 | |

സെക്ഷൻ ഓഫീസർ